## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3584 — 11.12.2018-ൽ മറുപടിയ്ക്ക്.

## ബിറ്റുമിൻ വിലയിലുണ്ടാകുന്ന വിലവർദ്ധനവ്

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബിറ്റുമിൻ വിലയിലുണ്ടാകുന്ന വിലവർദ്ധനവ് മുൻകൂട്ടി കാണാൻ കഴിയാത്ത സാഹചര്യത്തിൽ പലപ്പോഴും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാരണത്താൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തിയിൽ നിന്ന് പിന്തിരിയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ആലോചിക്കുന്നത്? | (ബി) | ഉണ്ട്. റോഡ് ടാറിംഗ് പ്രവർത്തികളുടെ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തിയതിയിലെ ബിറ്റുമിന്റെ വിലയും കരാർ കാലാവധിക്കുള്ളിൽ കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ (01.11.18 ന് ശേഷം വാങ്ങിയ) വിലയും താരതമ്യം ചെയ്ത് വില വ്യത്യാസം കരാറുകാരന് നൽകുന്നതിന് 13.11.18 ാം തിയതിയിലെ സ.ഉ.(സാധാ.)നം.9386/2018/ധന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ